# പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5718 — 03.11.2016 ന് മറുപടിയ്ക്ക്.

## വന്യമൃഗങ്ങളുടെ ശല്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആന്റണി ജോൺ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) മലയാറ്റൂർ, മൂന്നാർ ഫോറസ്റ്റ് ഡിവിഷനുകളിൽപ്പെട്ട കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ പഞ്ചായത്ത്, പിണ്ടിമന പഞ്ചായത്ത് പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ശല്യം മൂലം വ്യാപകമായ കൃഷിനാശവും മറ്റു വസ്തുവകകൾക്ക് നാശനഷ്ടം സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(എ)** പ്രസ്തുത പ്രദേശങ്ങളിൽ വന്യമൃഗ ശല്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കാട്ടാനകളുടെ നിരന്തരമായ ശല്യം മൂലം പൂയംകുട്ടി, കുട്ടമ്പുഴ, ഞായപ്പള്ളി, മാമലക്കണ്ടം , വടാട്ടുപാറ, വേട്ടാമ്പാറ പ്രദേശങ്ങളിൽ കർഷകർ ഏറെ നാശനഷ്ടങ്ങൾക്ക് വിധേയമാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കുന്നതിനു എന്തു നടപടികളാണു സ്വീകരിക്കുന്നത്; വിശദമാക്കാമോ; | **(ബി)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാട്ടാനശല്യം രൂക്ഷമായ പ്രദേശങ്ങളിൽ സൗരോർജ്ജ കമ്പിവേലി നിർമ്മിച്ച് പരിപാലിച്ച് വരുന്നു. കൂടാതെ കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യജീവി ആക്രമണം ഉണ്ടാകുന്ന പ്രദേശങ്ങളിൽ റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. |
| (സി) കാർഷിക മേഖലകളിലേക്കു കാട്ടു മൃഗങ്ങളുടെ കടന്നുകയറ്റം തടയുവാൻ ഫെൻസിങ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ? | **(സി)** കാർഷിക മേഖലകളിലേക്ക് കാട്ടുമൃഗങ്ങളുടെ കടന്നുകയറ്റം തടയുവാൻ വൈദ്യുത കമ്പിവേലി ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി വരുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രതിരോധ സംവിധാനങ്ങൾ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതാണ്. |

Vatsala S.D

സെക്ഷൻ ഓഫീസർ